പതിനാലാം കേരള നിയമസഭ
<u>പത്തൊമ്പതാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 58** **02.03.2020 ൽ മറുപടിയ്ക്ക്**

## വെഞ്ചർ കാപ്പിറ്റൽ ഫോർ സ്റ്റാർട്ട് അപ് 101

| ചോദ്യം<br>**ശ്രീ.കെ. രാജൻ** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | കേരള സ്റ്റാർട്ടപ് മിഷൻ സംഘടിപ്പിക്കുന്ന 'വെഞ്ചർ കാപ്പിറ്റൽ ഫോർ സ്റ്റാർട്ടപ് 101' എന്ന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള സ്റ്റാർട്ടപ് മിഷന്റെ ആഭിമുഖ്യത്തിൽ 2019 ഓഗസ്റ്റ് 07, 08, 09 എന്നീ തീയതികളിൽ യഥാക്രമം കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ 'വെഞ്ചർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്പ്സ് 101' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. വാല്യവേഷൻ, നിക്ഷേപം, ഷെയർ തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് സ്റ്റാർട്ടപ്പുകൾക്ക് വിജ്ഞാനം ലഭിക്കുന്നതിനും നിക്ഷേപം സ്വരൂപിക്കുന്നതിനുമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. 3 പരിപാടികളിലുമായി 70 ലധികം സ്റ്റാർട്ടപ്പുകളാണ് പങ്കെടുത്തത്. പങ്കെടുത്ത സ്റ്റാർട്ടപ്പുകളെ അവലോകനം ചെയ്ത് 4 സ്റ്റാർട്ടപ്പുകളെ പ്രാഥമികമായി തെരഞ്ഞെടുക്കുകയും അതിൽ ഫിൻലൈൻ എന്ന സ്റ്റാർട്ടപ്പിൽ 25 ലക്ഷം രൂപ പ്രസ്തുത വെഞ്ചർ ക്യാപിറ്റൽ നിക്ഷേപം നടത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | പൊതുജനങ്ങളിൽ നിന്ന് മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള എന്തെങ്കിലും പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മികച്ച ആശയങ്ങൾ കണ്ടെത്തി അതിനെ ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകളുടെയും വിദ്യാർത്ഥികളുടെയും ആദ്യമാതൃകകളെ ഉൽപ്പന്നമാക്കി മാറ്റുന്നതിനും ഉൽപ്പന്നങ്ങളെ വിപണിയിൽ എത്തിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി നിലവിലുണ്ട്. മികച്ച ആശയങ്ങൾ കണ്ടെത്തുന്നത് ഐഡിയ ഡേ, ഐഡിയ ഫെസ്റ്റ് എന്നീ പരിപാടികളിലൂടെയാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പരിപാടികൾ തുടർന്നു സംഘടിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. |

Saju

സെക്ഷൻ ഓഫീസർ